| **5** | **126** | **അങ്കണവാടികൾക്ക് നെയിം ബോർഡ്** | **GEN** | **84000** | **അങ്കണവാടികളുടെ അടിസ്ഥാന വികസനം** | | | **തുടരുന്നു** |

# 8 പട്ടികജാതി പട്ടികവർഗ്ഗ വികസനം

## 1) 1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

നമ്മുടെ നാടിൻറെ വികസനത്തിൻറെ നാഴികക്കല്ലായ ജനകീയാസൂത്രണ പദ്ധതി 1996 ആഗസ്ററ് 17ആം തീയതി നിലവിൽ വരുന്നതിനു മുമ്പ്, പട്ടികജാതി / പട്ടികവർഗ്ഗ മേഖലയിൽപ്പെട്ട ജനതയുടെ അവസ്ഥ

വളരെ ദയനീയമായിരുന്നു. ദാരിദ്ര്യവും, അവഗണനയും, അജ്ഞതയും മൂലം വളരെയധികം ദുരിതങ്ങൾ അനുഭവിച്ചിരുന്ന ഈ ജനതയുടെ ജീവിത നിലവാരത്തിൽ അഭൂതപൂർവ്വമായ വളർച്ച കൈവരിക്കുന്നതിന് ജനകീയആസൂത്രണ പ്രസ്ഥാനം നിലവിൽ വന്നതു പ്രകാരം നടപ്പിലാക്കിയ പദ്ധതികൾകൊണ്ട് സാധിച്ചിട്ടുണ്ട്. ഇന്ന് കിഴക്കമ്പലം ഗ്രാമപഞ്ചായത്തിൽ 897 പട്ടികജാതി കുടുംബങ്ങളും,22 പട്ടികജാതി കോളനികളും, 30 പട്ടികവർഗ്ഗ കുടുംബങ്ങളും 1 പട്ടികവർഗ്ഗ കോളനിയും നിലവിലുണ്ട്. 1997ന് മുമ്പ് ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും, വികസനത്തിനും വേണ്ടി നാമമാത്രമായ പ്രവർത്തനങ്ങൾമാത്രമാണ് നടപ്പിലാക്കിയിരുന്നത്. എന്നാൽ 1996ൽ ജനകീയാസൂത്രണപ്രസ്ഥാനം വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ മേഖലക്ക് വേണ്ടി മാത്രം പ്രത്യേക ഫണ്ട് അനുവദിക്കുകയും, ഇങ്ങനെ ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ച് ഇവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും, അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, ഉതകുന്ന തരത്തിലുള്ള നിരവധി പദ്ധതികൾ നടപ്പിലാക്കുകയും, ആയത് പ്രകാരം ഇവരുടെ ജീവിത നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സാധിച്ചു. 1997 കാലഘട്ടത്തിൽ കുടിവെള്ളം, വൈദ്യുതി, കക്കൂസ് എന്നീ സൗകര്യങ്ങൾ ഇല്ലാതിരുന്ന ധാരാളം വീടുകൾ ഉണ്ടായിരുന്നു കൂടാതെ വീടില്ലാത്തവരും, ജീർണ്ണിച്ച വീടുകളുള്ളവരും ധാരാളമായിരുന്നു.1997 ന് ശേഷം പഞ്ചായത്ത് വഴി നടപ്പിലാക്കിയ വിവിധ പദ്ധതികളിലൂടെ ഈ പോരായ്മകൾ ഒരു പരിധിവരെ പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കക്കൂസ് ഇല്ലാത്തതും, വൈദ്യുതി ലഭിക്കാത്തതുമായ ഒരു വീടുപോലും ഇന്ന് പഞ്ചായത്ത് പരിധിയിലില്ല.

വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ മെറിറ്റോറിയസ് സ്കോളർഷിപ്പ്, പഠനോപകരണം, പഠനമുറി, ലാപ്ടോപ്പ് എന്നീ പദ്ധതികൾ കൊണ്ട് വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് സാധിച്ചിട്ടുണ്ട്.

13 പഞ്ചവത്സര പദ്ധതിക്കാലത്ത് 4 കോളനികളിൽ വന്നമാറ്റം സംസ്ഥാനതലത്തിൽ തന്നെ ചർച്ച വിഷയമായതാണ്. ജീർണ്ണാവസ്ഥയിലുണ്ടായിരുന്ന ജീവിതസാഹചര്യങ്ങളിൽ നിന്ന് ആധുനീക നിലവാരത്തിലുള്ള വീടും, മതിൽകെട്ടും, കളിസ്ഥലവും ഉൾപ്പടെ എല്ലാ ആധുനീക സൗകര്യങ്ങളോടും കൂടിയ ഒരു വില്ലാ പ്രൊജെക്ട് നടപ്പിലാക്കി അതിനു ഗോഡ്സ് വില്ല എന്ന് നാമകരണം ചെയ്തു.

## 2) 25 വർഷത്തെ വിലയിരുത്തൽ

കേന്ദ്രസംസ്ഥാന സർക്കാരുകൾക്കുപുറമെ, താഴെത്തട്ടിൽ സാമൂഹ്യനീതിയും, സാമ്പത്തീക വികസനവും, കൈവരിക്കുന്നതിന് പ്രാദേശീക സർക്കാരുകൾ എന്ന ലക്ഷ്യത്തോടെയാണ് 73,74 ഭരണഘടന ഭേദഗതി നിലവിൽവന്നത്. ഈ ഭേദഗതി പ്രകാരം, ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കിയ ജനകീയആസൂത്രണ പ്രസ്ഥാനത്തിലൂടെ ഗ്രാമപഞ്ചായത്തുകൾ ലഭ്യമായ അധികാരങ്ങൾക്കൊപ്പം തന്നെ വളരെയധികം ഉത്തരവാദിത്വങ്ങളും ലഭ്യമാക്കുകയുണ്ടായി. പട്ടികജാതി പട്ടികവർഗ്ഗ മേഖലയ്ക്ക് പ്രത്യേകം ഫണ്ട് ബഡ്ജറ്റിൽ വകയിരുത്തുകയും, ഇങ്ങനെ അനുവദിക്കുന്ന ഫണ്ട് ഈ മേഖലയ്ക്ക് മാത്രം ചെലവഴിക്കേണ്ട നിർബന്ധിത സാഹചര്യം വന്നതുമൂലം, ധാരാളം വികസനപദ്ധതികൾ നടപ്പിലാക്കുന്നതിന് സാധിക്കുകയും, ഇവരുടെ ജീവിത നിലവാരം വളരെയധികം മെച്ചപ്പെടുത്തുന്നതിന് സാധിക്കുകയും

ചെയ്തു. ജനകീയആസൂത്രണപരിപാടി നടപ്പിൽ വന്നത് 9 പഞ്ചവത്സരപദ്ധതിയുടെ കാലയളവിലാണ്. ഈ കാലയളവിൽ 85 പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനും, 37-SC കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മാണത്തിനും, 36 SC കുടുംബങ്ങൾക്ക് കിണർ നിർമ്മാണത്തിനും 50 SC കുടുംബങ്ങൾക്ക് വീട് മെയ്ന്റനെൻസ് ധനസഹായവും, 3-പട്ടികവർഗ്ഗകുടുംബങ്ങൾക്ക് വീട് ധനസഹായവും വ്യക്തിഗത ആനുകൂല്യങ്ങളിൽപെടുത്തി നൽകിയിട്ടുണ്ട്. ഇത് കൂടാതെ SC-ST, കോളനികളുടെ അടിസ്ഥാനസൗകര്യവർദ്ധനവിനായി ധാരാളം പദ്ധതികളും നടപ്പിലാക്കിട്ടുണ്ട്. ഇതുവഴി പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലെ ജനങ്ങളുടെ ജീവിതനിലവാരം വളരെയധികം മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. തുടർന്ന് വന്ന 10,11,12,13, പഞ്ചവത്സര പദ്ധതികളിലും ഇവരുടെ ഉന്നമനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

ഭവനനിർമ്മാണം, വീട് മെയ്ന്റനെൻസ്, പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം, പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്, ലാപ്ടോപ്പ്, വാട്ടർ ടാങ്ക്, പഠനമുറി, SC-ST വിദ്യാർഥികൾക്ക് പഠനോപകരണം, SC-വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ, കോളനികളിലെ അടിസ്ഥാനസൗകര്യവികസനം എന്നിവ ഇവയിൽ ചിലതുമാത്രം

കൂടാതെ നവകേരള മിഷൻ ഭാഗമായി അർഹതയുള്ള മുഴുവൻ ഭൂരഹിത ഭവന രഹിതർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള ;പദ്ധതി നടപ്പിലാക്കി വരികയാണ് .

## 3) വെല്ലുവിളികൾ,വികസന വിടവുകൾ

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻറെ പ്രാരംഭഘട്ടത്തിൽ ഉണ്ടായിരുന്ന അവസ്ഥയിൽ നിന്നും കഴിഞ്ഞ 25 വർഷങ്ങൾകൊണ്ട് വളരെയധികം മാറ്റം വരുത്തുന്നതിന് സാധിച്ചിട്ടുണ്ടെങ്കിലും, പൂർണ്ണതോതിൽ ലക്ഷ്യം കൈവരിച്ചു എന്ന് അവകാശപ്പെടാൻ നമുക്ക് സാധിക്കുകയില്ല. ഇവരുടെ ഉന്നമനത്തിനും, ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും വളരെയധികം പദ്ധതികൾ നിലവിലുണ്ടെങ്കിലും വ്യക്തിഗത ആനുകൂല്യങ്ങൾക്കാണ് ഇവർ പ്രാധാന്യം നൽകുന്നത്. തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നത് വഴി ഇവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് സാധിക്കുമെന്ന സർക്കാരിൻറെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒട്ടേറെ പദ്ധതികൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചെയ്യുന്നതിന് ആനുകൂല്യങ്ങൾ നൽകുന്നുണ്ടെങ്കിലും, ആരും തന്നെ ഇതിനു വേണ്ടി മുമ്പോട്ടുവരുന്നതായി കാണുന്നില്ല. ഇത്തരം പദ്ധതികളെക്കുറിച്ച് ആവശ്യമായ ബോധവൽക്കരണം പ്രൊമോട്ടർമാർ വഴിയും ,വകുപ്പ് വഴിയും നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിൽപ്പെടുന്നവർക്ക് നടപ്പിലാക്കാൻ സാധിക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് ബോധവൽക്കരണം നടത്തേണ്ടതും, അതിന് ആവശ്യമായ പരിശീലനപരിപാടികൾ നടപ്പിൽവരുത്തേണ്ടതുമാണ്. SC-ST പ്രൊമോട്ടർമാരുടെ സേവനം കുറേകൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്. ഈ മേഖലയിലെ ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ അറിഞ്ഞ ആ തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 4) വികസന പരിപ്രേക്ഷ്യം

പട്ടികജാതി പട്ടികവർഗ്ഗ മേഖലയുടെ സമഗ്രവികസനം മുന്നിൽ കണ്ട് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് പഞ്ചായത്ത് ലക്ഷ്യമിട്ടിട്ടുണ്ട്.

**1.** ഓരോ കോളനികളുടെയും ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ കണ്ടെത്തി, അത് പരിഹരിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക.

**2.**പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിലെ യുവാക്കളുടെ ഒരു കൂട്ടായ്മയുണ്ടാക്കുകയും, സർക്കാർ പദ്ധതികളെപ്പറ്റി ആവശ്യമായ ബോധവൽക്കരണം നൽകുകയും, അവർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

**3.** നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ തുടർന്നും നടപ്പിലാക്കുക.

**4.** മികച്ച പഠന നിലവാരം പുലർത്തുന്ന വിദ്യാർഥികൾക്ക് നൽകിവരുന്ന മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്ന പദ്ധതി എല്ലാ വർഷവും നടപ്പിലാക്കുക.

**5.** വർക്കിങ് ഗ്രൂപ്പുകളും ഗ്രാമസഭകളും കൂടുതൽ കാര്യക്ഷമമാക്കുക.

**6.** ജോലി ലഭിച്ച് വിദേശത്ത് പോകുന്ന യുവാക്കൾക്ക് ധനസഹായം നൽകുന്ന പദ്ധതിയെപ്പറ്റി ബോധവൽക്കരണം നടത്തുകയും, നടപ്പിൽ വരുത്തുകയും ചെയ്യുക.

7. സ്വയംതൊഴിൽ സംരംഭങ്ങൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.

8. പരമ്പരാഗത തൊഴിലുകൾ ചെയ്തിരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുകയും, അവർ ഉത്പാദിപ്പിക്കുന്ന വസ്തുക്കളുടെ വിപണത്തിനായി പദ്ധതികൾ ആവിഷ്കരിക്കുക.

**9.** പാരമ്പര്യ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക.

## 5) സംയോജന സാദ്ധ്യതകൾ

കുടുംബശ്രീ, ദേശീയതൊഴിലുറപ്പ്പദ്ധതി , ഹരിതകേരള മിഷൻ, ശുചിത്വമിഷൻ, കേന്ദ്ര-സംസ്ഥാന പദ്ധതികൾ എന്നിവയുമായി സംയോജിപ്പിച്ച നടപ്പിലാക്കാവുന്ന സ്വയം തൊഴിൽ പദ്ധതി ,മാലിന്യ സംസ്കരണം,ശുചിത്വപദ്ധതികൾ, എന്നിവ കണ്ടെത്തി നടപ്പിലാക്കുക.

## മുൻകാല മാതൃക / വിജയം കൈവരിച്ച പ്രൊജെക്റ്റുകൾ

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം(ഭൗതീക ലക്ഷ്യം) | കൈവരിച്ച യഥാർഥ പ്രയോജനം (ഭൗതീക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതനുള്ള കാരണങ്ങൾ/ നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|
| 1 | വീട് മെയ്ന്റനെൻസ് | SCP | 2200000 | 250 വീട് മെയ്ന്റനെൻസ് | 200 വീട് മെയ്ന്റനെൻസ് | |
| 2 | ഭവന നിർമ്മാണം | SCP | 43378000 | 300 ഭവന നിർമ്മാണം | 244 ഭവന നിർമ്മാണം | |
| 3 | കിണർ നിർമ്മാണം | SCP | 1500000 | 350 കിണർ നിർമ്മാണം | 300 കിണർ നിർമ്മാണം | |
| 4 | തൊഴുത്ത് നിർമ്മാണം | SCP | 1775500 | 50 തൊഴുത്ത് നിർമ്മാണം | 40തൊഴുത്ത് നിർമ്മാണം | |
| 5 | കക്കൂസ് നിർമാണം | SCP | 36900 | 50 കക്കൂസ് നിർമാണം | 37 കക്കൂസ് നിർമാണം | |
| 6 | വീട് മെയ്ന്റനെൻസ് | TSP | 1000000 | 150 വീട് മെയ്ന്റനെൻസ് | 112 വീട് മെയ്ന്റനെൻസ് | |
| 7 | കോളനി സമഗ്രവികസനം | | 250000 | | | |
| 8 | സമ്പൂർണ്ണ ഭവന നിർമാണം | SCP | 330000 | | | |
| 9 | വിവാഹ ധനസഹായം | | 2000000 | | | |

## 2021-22 വാർഷിക പദ്ധതിയിൽ നടപ്പാക്കി വരുന്ന പ്രോജക്ടുകളുടെ വിശദംശങ്ങൾ

| ക്രമനമ്പർ | പ്രോജക്റ്റ് നമ്പർ | പ്രോജക്ടിന്റെ പേര് | GEN /SCSP/ TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|
| | | | | സാമ്പത്തികം (രൂപ ) | ഭൗതീകം | സാമ്പത്തികം (രൂപ ) | ഭൗതീകം | |
| 1 | 11 | **വയോജനങ്ങൾക്ക് കട്ടിൽ(എസ്സി)** | **SCP** | 122940 | 30 വയോജനങ്ങൾക്ക് കട്ടിൽ നൽകുക | 122940 | 30 വയോജനങ്ങൾക്ക് കട്ടിൽ നൽകി | പൂർത്തികരിച്ചു |
| 2 | 14 | **പട്ടികജാതി വിദ്യാർഥികൾക്ക് പഠനോപകരണം** | **SCP** | 396000 | 90 എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണം | 396000 | 90 എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകി | പൂർത്തികരിച്ചു |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 3 | 20 | എസ് സി വനിതകൾക്ക് വിവാഹധനസഹായം | SCP | 225000 | 3 എസ് സി വനിതകൾക്ക് വിവാഹധനസഹായം നൽകുക | 225000 | 3 എസ് സി വനിതകൾക്ക് വിവാഹധന സഹായം നൽകി | പൂർത്തികരിച്ചു |
| 4 | 26 | പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് പഠനോപകരണം | TSP | 13200 | 3 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകൽ | 13200 | 3 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകി | പൂർത്തികരിച്ചു |
| 5 | 27 | വീട് വൈദ്യുതീകരിക്കൽ എസ് റ്റി | TSP | 9000 | 1 വീട് വൈദ്യുതികരിച്ച് നൽകൽ | 0 | പദ്ധതി തുടരുന്നു | പദ്ധതി തുടരുന്നു |
| 6 | 59 | പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് ടാബ് വാങ്ങി നൽകൽ | TSP | 25000 | 2 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ടാബ് വാങ്ങി നൽകുക | 0 | പദ്ധതി തുടരുന്നു | പദ്ധതി തുടരുന്നു |

# 9 ആരോഗ്യം

## 1) 1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

കിഴക്കമ്പലം ഗ്രാമപഞ്ചായത്തിന്റെ വികസനമുഖത്തെ ജനകീയആസൂത്രണത്തിനുമുൻപും, ജനകീയആസൂത്രണത്തിന് പിൻപും എന്നീ രണ്ടു ഘട്ടങ്ങളായി വിലയിരുത്തേണ്ടതാണ്. 1996ന് മുമ്പ് അസൂത്രണം കേന്ദ്രീകൃതമാകയാൽ ജന പങ്കാളിത്തം താഴെത്തട്ടിലെ വികസനവും തുലോം കുറവായിരുന്നു.

ആരോഗ്യമേഖലയിൽ എല്ലാവർക്കും ആരുരോഗ്യം എന്ന ലക്ഷ്യം മുൻനിർത്തിയായിരുന്നു ആരോഗ്യ പ്രവർത്തനങ്ങൾ മുന്നോട്ട് പൊയ്ക്കൊണ്ടിരുന്നത്. എന്നാൽ ഇന്ന് വർദ്ധിച്ച് വരുന്ന

ജീവിതശൈലിരോഗങ്ങളും ആരോഗ്യമേഖലക്ക് ഭീഷണിയാണ്. കിഴക്കമ്പലം ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മലയിടംതുരുത്തിലുള്ള സിഎച്ച്സി, ചേലക്കുളത്തുള്ള ആയുർവേദ ഡിസ്പെൻസറി, കിഴക്കമ്പലം ഗ്രാമപഞ്ചായത്തിനടുത്തുള്ള ഹോമിയൊ ഡിസ്പെൻസറിയും ഒപ്പം 6 സബ്സെന്ററുകളുമാണ് ആരോഗ്യമേഖലയെ സംബന്ധിച്ചിടത്തോളം ഔദ്യോഗിക സംവിധാനം.

ജനസംഖ്യയിൽ പകുതിയിലേറെപ്പേർ വിവിധ രോഗചികിത്സയുമായി ബന്ധപ്പെട്ട് ആശുപത്രിയിൽ എത്തിയതായി ഓ പി കണക്കുകളിൽ നിന്ന് വ്യക്തമാണ് .

## 2) 25 വർഷത്തെ വിലയിരുത്തൽ

ആരോഗ്യരംഗത്തെ നിലവിലെ അവസ്ഥ നേരത്തേയുള്ളതുമായി താരതമ്യപ്പെടുത്തുമ്പോൾ പകർച്ചവ്യാധികളുടെ സ്ഥാനത്ത് പകർച്ചേതരവ്യാധികളുടെ വൻ മുന്നേറ്റമുണ്ടായതായി മനസിലാക്കാൻ കഴിയും. 25 വർഷം മുൻപിലത്തെ പ്രവർത്തനവുമായി താരതമ്യപ്പെടുത്തുമ്പോൾ ആരോഗ്യമേഖലയിൽ ഒട്ടനവധി മുന്നേറ്റങ്ങൾ ഉണ്ടായിട്ടുള്ളതായി മനസിലാക്കാൻ കഴിയും. പ്രാഥമീകാരോഗ്യകേന്ദ്രത്തിന്റെ ചികിത്സാസംവിധാനത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടില്ലെങ്കിലും പശ്ചാത്തല മേഖലയിലും ഫീൽഡ് തലത്തിലും ആശാപ്രവർത്തകരെ ഉൾപ്പെടുത്തി മെച്ചപ്പെട്ട ആരോഗ്യസേവനം ജനങ്ങളിലേക്കെത്തിക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്. ആശാ പ്രവർത്തകരിലൂടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന, രോഗപ്രതിരോധ പ്രവർത്തനം എന്ന പദ്ധതിയിലൂടെ പഞ്ചായത്തിലെ കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ, ഉറവിട നശീകരണ പ്രവർത്തനങ്ങൾ എന്നിവ നിശ്ചിത ഇടവേളകളിൽ നടപ്പിലാക്കി കൊതുകുജന്യരോഗങ്ങളുടെയും ജലജന്യരോഗങ്ങളുടെയും വർദ്ധനവ് തടയുന്നതിന് സാധിക്കുകയും, പഞ്ചായത്തിലെ 19 വാർഡുകളിലെയും ജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതിനും സാധിച്ചു.

ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രോജക്ടുകളുടെ സഹായത്തോടെ ആശുപത്രിക്ക് മരുന്ന്, പാലിയേറ്റിവ് പരിചരണം, മാനസികരോഗികൾക്കും ഓട്ടിസം രോഗികൾക്കുമുള്ള പരിചരണം തുടങ്ങിയ സേവനങ്ങൾ പഞ്ചായത്തിലെ എല്ലാ വിഭാഗം ആളുകൾക്കും ലഭ്യമാക്കുന്നതിനു സാധിച്ചിട്ടുണ്ട്.

കോവിഡ് മഹാമാരിയെ നേരിടാനും, കോവിഡ് വാക്സിനേഷൻ, കോവിഡ് രോഗികളുടെ ഹോം കെയർ മരുന്ന് വിതരണം എന്നീ പ്രവർത്തനങ്ങൾ ഇപ്പോഴും കാര്യക്ഷമമായി നടന്നുവരുന്നു. ഈ കാലഘട്ടത്തിലും ആരോഗ്യരംഗം നേരിടുന്ന വെല്ലുവിളികളെ കാര്യക്ഷമമായി നേരിടുന്നതിന് കിഴക്കമ്പലം ഗ്രാമപഞ്ചായത്തിനോടൊപ്പം പ്രവർത്തിക്കുവാൻ ആരോഗ്യവകുപ്പിന് കഴിയുന്നുണ്ട്.

നിലവിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന പ്രൊജെക്റ്റുകളിൽ എല്ലാംതന്നെ വിജയം കൈവരിച്ച പ്രൊജെക്ടുകളിലാണ്. എന്നിരുന്നാൽത്തന്നെ അവയിൽ എടുത്തുപറയത്തക്ക പ്രൊജെക്റ്റുകളിൽ ഒന്നാണ് - പാലിയേറ്റിവ് പരിരക്ഷ . ഈ പ്രൊജക്റ്റ് പ്രകാരം കിഴക്കമ്പലം പഞ്ചായത്ത് പ്രദേശത്തുള്ള ഏകദേശം 60 കിടപ്പ് രോഗികൾക്ക് ആവശ്യമായ സേവനവും മരുന്നും ലഭ്യമാക്കുന്നു. ഇതുപ്രകാരം സ്വസ്തമായ ജീവിതം നയിക്കുന്നതിന് ഇവർക്ക് സാധിക്കുന്നു.

**പരാജയപ്പെട്ട പ്രോജെക്റ്റുകൾ.**

നടപ്പിലാക്കിയ പ്രോജെക്റ്റുകളിൽ പരാചയപെട്ട പ്രോജെക്റ്റുകൾ ഒന്നുംതന്നെ ഇല്ല.പഞ്ചായത്തിലെ 19 വാർഡുകളിലും മാലിന്യപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ വാർഡ്തല ആരോഗ്യ ശുചിത്വസമിതി മുഖാന്തിരം പഞ്ചായത്തിൽ അറിയിച്ച് അടിയന്തിരനടപടികൾ എടുക്കുന്നു. ഹരിതകർമ്മസേനയുടെ നേതൃത്തത്തിൽ പ്ലാസ്റ്റിക് ശേഖരണവും നിർമ്മാർജ്ജനവും നടക്കുന്നു. എങ്കിലും കൂടുതൽ ശക്തമായ നടപടികളും, പദ്ധതികളും മാലിന്യ നിർമാർജന പ്രവർത്തനങ്ങൾക്കായി ആവിഷ്ക്കരിക്കേണ്ടതുണ്ട്.

ആരോഗ്യമേഖലയുടെ സമഗ്രവികസനത്തിലൂന്നിയുള്ള പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ സഹകരണത്തോടെ നടക്കുന്നു.

## 3) വെല്ലുവിളികൾ,വികസന വിടവുകൾ

ആരോഗ്യരംഗത്തെ വെല്ലുവിളികൾ ഇന്നും തുടർന്നുകൊണ്ടിരിക്കുകയാണ്. ജീവിതശൈലി രോഗങ്ങൾ, ക്യാൻസർ പോലുള്ള മാരക രോഗങ്ങൾ, കോവിഡ്ദാനന്തര രോഗങ്ങൾ എന്നിവകൊണ്ട് സാധാരണക്കാരുടെ ചികിത്സാചിലവുകകൾ അനുദിനം വർധിച്ചുവരുന്നു. സർക്കാർ ആശുപത്രികളുടെ നവീകരണം, ആധുനീക ചികിത്സാ സമ്പ്രദായങ്ങൾ സർക്കാരാശുപത്രികളിൽ നടപ്പിലാക്കുക, ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കുക എന്നിവയാണ് പരിഹാരമാർഗ്ഗങ്ങൾ.

ആയുർവേദാശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് എത്തിച്ചേരുവാനുള്ള ബുദ്ധിമുട്ട് ചികിത്സക്ക് എത്തുന്ന ആളുകളുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. ആയുർവേദ സബ് സെൻറർ തുടങ്ങുക അല്ലെങ്കിൽ പഞ്ചായത്തിൻറെ ആളുകൾക്ക് എത്തിച്ചേരാൻ സാധിക്കുന്ന സ്ഥലത്തേക്ക് ആയുർവേദ ആശുപത്രി മാറ്റുക എന്നിവ വഴി 100% ആളുകൾക്കും മികച്ച ചികിത്സാ ലഭ്യമാക്കുവാൻ കഴിയും.

ഔഷധങ്ങളുടെ തോട്ടം പഞ്ചായത്തിൽ നിലവിലില്ല.ജനങ്ങളുടെ ഇടയിൽ ആരോഗ്യബോധവൽക്കരണ ക്ലാസ്സുകൾ ശരിയായി നടക്കുന്നില്ല.ഇത് ജീവിതശൈലി രോഗങ്ങൾ വർദ്ധിക്കാൻ കാരണമാകുന്നു.

കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം നിലവിൽ പഞ്ചായത്തിലില്ല. പൊതുജനങ്ങളുടെ മാനസികോല്ലാസത്തിന് ആവശ്യമായ പാർക്ക്,സായാഹ്ന വിശ്രമകേന്ദ്രങ്ങൾ പഞ്ചായത്തിൽ നിലവിലില്ല.

## 4) വികസന പരിപ്രേക്ഷ്യം

- 1:2 എന്ന അനുപാതത്തിൽ വാർഡുകളിൽ സബ് സെൻററുകൾ ആരംഭിക്കുക.
- ആയുർവ്വേദം, ഹോമിയോ മരുന്നുകൾക്കുള്ള തുക വർഷത്തിൽ 10% വച്ച് വർദ്ധിപ്പിക്കുക.
- ആയുർവേദ പഞ്ചകർമ്മ ചികിത്സ, ഒപി സൗകര്യം ആരംഭിക്കുക.
- ആയുർവേദ, ഹോമിയോ, അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
- രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്നുകളുടെ തുക വർദ്ധിപ്പിക്കുക.

- സ്കൂളുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഔഷധത്തോട്ടങ്ങൾ നിർമ്മിച്ച് പരിപാലിക്കുക.
- എല്ലാ സി എച്ച് സ, ആയുർവേദ, ഹോമിയോ,കേന്ദ്രങ്ങളിൽ റാമ്പ് സൗകര്യവും ഭിന്നശേഷി സൗഹൃദ ടോയ്‌ലെറ്റുകളും നിർമ്മിക്കുക.
- സബ് സെൻററുകൾ വഴി ആരോഗ്യബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.
- സ്കൂളുകളിൽ ആരോഗ്യ പരിശോധന നടത്തി വിളർച്ചയുള്ള കുട്ടികൾക്ക് ഐ എഫ് എ ഗുളികകൾ നൽകുക.
- ബി പി എൽ കുടുംബ അംഗങ്ങൾക്ക് ഹെൽത്ത് കാർഡ് സംവിധാനം നടപ്പിലാക്കുക.
- അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി, എന്നീ മേഖലകൾക്ക് സംയുക്തമായി ഹെൽത്ത് കോംപക്സ് ഉണ്ടാക്കുക.
- ജീവിത ശൈലി രോഗനിർണ്ണയം, കാൻസർ നിർണ്ണയം, സൈക്യാട്രി ഓ പി ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ എന്നിവ സബ് സെൻറർ വഴി നൽകുക.
- ഡിസാസ്റ്റർ മാനേജ്മെൻറ് സെൻറർ, എമെർജൻസി മാനേജ്മെൻറ് സെൻറർ വിത്ത് ഹെൽത്ത് കെയർ സംവിധാനം പഞ്ചായത്തിൽ നടപ്പിലാക്കുക.
- ആരോഗ്യബോധവൽക്കര ക്ലാസുകൾ, മാറ്റ് ക്ലാസുകൾ എന്നിവക്ക് തുടർ പദ്ധതികളും പരുപാടികളും ആസൂത്രണം ചെയ്യുക.

## മുൻകാല മാതൃക / വിജയം കൈവരിച്ച പ്രൊജെക്ടുകൾ

| | മേഖല ഉപമേഖല | പ്രോജക്ടിന്റെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം(ഭൗതീക ലക്ഷ്യം) | കൈവരിച്ച യഥാർഥ പ്രയോജനം (ഭൗതീക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതനുള്ള കാരണങ്ങൾ/ നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | | ദീർഘകാല രോഗീ പരിചരണം | GEN | 60249 | കിടപ്പുരോഗികളുടെയും അവരുടെ കുടുംബങ്ങളുടെയും അവസ്ഥ മെച്ചപ്പെടുത്തടുക | കിടപ്പുരോഗികളുടെയും അവരുടെ കുടുംബങ്ങളുടെയും അവസ്ഥ മെച്ചപ്പെടുത്തി | |
| 2 | | കൊതുക് നിയന്ത്റണം | GEN | 80000 | കൊതുകുജന്യ രോഗങ്ങൾ കുറക്കുക | കൊതുകുജന്യ രോഗങ്ങൾ കുറച്ചു | |
| 3 | | പരിരക്ഷ | GEN | 560500 | രോഗികളെ പരിചരിക്കുക | | |

## പതിനാലാം പഞ്ചവത്സര പദ്ധതി (2022-2027)
## പശ്നവിശകലനവും പരിഹാര സാധ്യതകളും

| ക്രമ നമ്പർ | മേഖല/ ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം,വിഭാഗം | പ്രശ്നത്തിന്റെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ/പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ ഏറ്റെടുക്കേണ്ടതായ പ്രശ്നങ്ങൾ എന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ലഘുതരം | ഗുരുതരം | അതിഗുരുതരം | | തദ്ദേശഭരണ സ്ഥാപനത്തിൽ | ഇതര സ്വയംഭരണ സ്ഥാപന തലത്തിൽ | സർക്കാർ തലത്തിൽ | സർക്കാരിതര തലത്തിൽ |
| **1** | | ജീവിതശൈലി രോഗങ്ങൾ | | | | **yes** | പ്രതിരോധശേഷിയില്ലാത്ത പുതുതലമുറ | | | **yes** | |

## വികസന പരിപ്രേക്ഷ്യം

| ക്രമ നമ്പർ | മേഖല ഉപമേഖല | പരിപ്രേക്ഷ്യം(വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം (2023 ലെ ലക്ഷ്യം) | 14-ലാം പഞ്ചവത്സരപദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|
| 1 | | സമഗ്ര ആരോഗ്യ പദ്ധതികൾക്ക് രൂപംനൽകി പ്രവൃത്തി പദത്തിലെത്തിക്കുക | | | ആരോഗ്യമുള്ള പുതുതലമുറയെ സൃഷ്ടിക്കുക | | |

## 2021-22 വാർഷിക പദ്ധതിയിൽ നടപ്പാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | **പ്രോജക്ടിന്റെ പേര്** | **GEN/SCSP/ TSP** | **ലക്ഷ്യം** | | **നേട്ടം** | | **പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ** |
|---|---|---|---|---|---|---|---|---|
| | | | | **സാമ്പത്തികം (രൂപ )** | **ഭൗതീകം** | **സാമ്പത്തികം (രൂപ )** | **ഭൗതീകം** | |
| **1** | | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | | 500,000.00 | | 500,000.00 | | |
| **2** | | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | | 200,000.00 | | 200,000.00 | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| **3** | | തേജോമയ- ഓട്ടിസം ഓട്ടിസം സ്പെക്ട്രം ഡിസോഡർ മാനേജ്മെൻറ് കിസ്സിക്ക് | | 100,000.00 | | 40,800.00 | | |
| **4** | | ക്യാൻസർ നിയന്ത്രണ പരിപാടി (രണ്ടാംഘട്ടം) | | 50,000.00 | | 50,000.00 | | |
| **5** | | പാലിയേറ്റീവ് കെയർ പരിരക്ഷ | | 600,000.00 | | 501,318.00 | | |
| **6** | | സെട്രങ്ത്തനിംഗ് ഓഫ് ഏർലി ഇൻറർവെൻഷൻ സെൻറേഴ്സ് | | 20,000.00 | | 20,000.00 | | |

# 10 കുടിവെള്ളം ശുചിത്വം

## 1) 1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

1996 കാലഘട്ടങ്ങളിൽ കുടിവെള്ളത്തിന് ക്ഷാമം ഇല്ലായിരുന്നു എങ്കിലും കുടിവെള്ള സ്രോതസ്സുകളുടെ എണ്ണം തുലോം കുറവായിരുന്നു. ഈ അവസ്ഥ പരിഹരിക്കുന്നതിന് കിഴക്കമ്പലം പഞ്ചായത്ത് പലതരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുകയും അതിൽ ഒട്ടുമിക്ക പദ്ധതികൾ ഫലം കാണുകയും, ഉപയോസൂന്യമായ ജലസ്രോതസ്സുകൾ ഉപയോഗിക്കാൻ തക്കവണ്ണത്തിൽ ആക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ശുചിത്വ കാര്യങ്ങളിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളും മികച്ചരീതിയിൽ തുടർന്ന് വരുന്നു. ഹരിതകർമ്മസേനയെ ഉപയോഗിച്ച് വീടുകളിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിച്ച് വരുന്നു.

## 2) 25 വർഷത്തെ വിലയിരുത്തൽ

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിൻറെ ഭാഗമായി കിഴക്കമ്പലം ഗ്രാമപഞ്ചായത്തിൻറെ കീഴിൽ ഒട്ടനവധി പദ്ധതികൾ കഴിഞ്ഞ 25 വർഷങ്ങൾക്കുള്ളിൽ നടത്തുകയും, അതെല്ലാം തന്നെ വിജയകരമായി എന്ന് മാത്രമല്ല ഇപ്പോഴും അത് തുടർന്ന് വരുകയും ചെയ്യുന്നു. പൊതുകിണർ മെയ്ന്റനെൻസ് , പൊതുകുളങ്ങളുടെ സൈഡ് കെട്ടി സംരക്ഷിക്കൽ, തോടുകളുടെ തട നിർമ്മാണം, പൊതു കുടിവെള്ള ടാങ്ക് നിർമ്മാണ എന്നിവ ചില ഉദാഹരണങ്ങൾ മാത്രം. മാത്രമല്ല ശുദ്ധജലം ലഭിക്കത്തെയിടത്ത് സാമൂഹ്യ പ്രവർത്തകരുടെയും, സംഘടനയുടെയും പങ്കാളിത്തത്തോടുകൂടി ടാങ്കറിൽ കുടിവെള്ളം എത്തിച്ച് നൽകി കിഴക്കമ്പലം പഞ്ചായത്തിനെ ഒരുപടി മുന്നിൽ എത്തിക്കുകയും ചെയ്തു.

പഞ്ചായത്ത് പരിധിയിൽ ഉള്ള വീടുകളിൽ നിന്നും മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ടോയ്ലെറ്റ് സംവിധാനം നടപ്പാക്കുന്നതിനൊപ്പം തന്നെ പൊതു ടോയ്ലെറ്സ് സ്ഥാപിച്ച് വരുകയും ചെയ്യുന്നു.

## 3) വെല്ലുവിളികൾ, വികസന വിടവുകൾ

കിഴക്കമ്പലം ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കുടിവെള്ളം, ശുചിത്വം എന്നീ മേഖലയിലെ പ്രധാന വെല്ലുവിളി എന്നത് തൊടുകയ്യേറ്റം, പുരോഗമന പ്രവർത്തനങ്ങൾക്ക് സ്ഥല ലഭ്യത കുറവ് എന്നതാണ്. ഇതുമായി ബന്ധപ്പെട്ട വകുപ്പുകളുടെ ഇടപെടൽ ഇവിടെ അനിവാര്യമാണ്.

## 4) വികസന പരിപ്രേക്ഷ്യം

ഇപ്പോഴുള്ള പദ്ധതികൾക്ക് പുറമെ വരുന്ന തലമുറക്ക് അവർക്കാവശ്യമായ ജലസ്രോതസ്സുകളും കുടിവെള്ളതിൻറെയും ലഭ്യത ഉറപ്പാക്കാൻ പുതിയ പദ്ധതികൾ രൂപീകരിക്കേണ്ടതും ഒപ്പം തന്നെ ഇപ്പോൾ തുടർന്ന് വരുന്ന പദ്ധതികൾ നിലനിർത്തി കൊണ്ടുപോകേണ്ടതും അനിവാര്യമാണ്. പൊതുജലസ്രോതസ്സുകൾ ഉപയോഗപ്രദമാക്കി ജലത്തിൻറെ ലഭ്യത കൂട്ടുക എന്നത് പഞ്ചായത്തിൻറെ ഒരു ലക്ഷ്യമാണ്. അതുകൂടാതെ ഡയപ്പർ, സാനിറ്ററി നാപ്കിൻ പോലെയുള്ളവ കത്തിച്ച് കളയുവാനുള്ള സംവിധാനം പഞ്ചായത്ത് പദ്ധതി പ്രകാരം നടപ്പിൽ വരുത്തണം.

## 5) സംയോജന സാദ്ധ്യതകൾ

ഇറിഗേഷൻ വകുപ്പുമായി സംയോജിച്ച് പൊതുജലസ്രോതസ്സുകൾ ശുചിയാക്കുന്നതിനൊപ്പം ഗ്രീൻകേരള ഹരിതമിഷനുമായി ചേർന്ന് മാലിന്യ സംസ്കരണം മെച്ചപ്പെടുത്തണം. കുടിവെള്ളക്ഷാമം നേരിടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ജില്ലാപഞ്ചായത്തിൻറെയും ബ്ലോക്ക്പഞ്ചായത്തിന്റെയും സഹകരണത്തിൽ തനത് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കണം. മാത്രമല്ല മാലിന്യങ്ങൾ അവയുടെ സ്വഭാവം അനുസരിച്ച് തരംതിരിച്ച് ഇടുവാനുള്ള വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കുകയും വേണം.

## മുൻകാല മാതൃക / വിജയം കൈവരിച്ച പ്രൊജെക്റ്റുകൾ

| | മേഖല | പ്രോജക്ടിന്റെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം(ഭൗതീക ലക്ഷ്യം) | കൈവരിച്ച യഥാർഥ പ്രയോജനം (ഭൗതീക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതനുള്ള കാരണങ്ങൾ/ നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | | ജലസേചന കിണർ നിർമ്മാണം | | 22950000 | 1000 ജലസേചന കിണർ നിർമ്മാണം | 870 ജലസേചന കിണർ നിർമ്മാണം | |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | | കിണർ മെയ്ന്റനൻസ് | | | 600 കിണർ മെയ്ന്റനൻസ് | 550 കിണർ മെയ്ന്റനൻസ് | |

# 11 വിദ്യാഭ്യാസം, കല സംസ്കാരം,യുവജനകാര്യം

## 1) 1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

സർക്കാർ എയിഡഡ് മേഖലയിൽ താഴെപ്പറയുന്ന വിദ്യാലയങ്ങളാണ് നമ്മുടെ പഞ്ചായത്തിൽ 1996 ൽ ഉണ്ടായിരുന്നത്

- ഗവണ്മെന്റ് എൽ പി സ്കൂൾ കിഴക്കമ്പലം
- ഗവണ്മെന്റ് യൂ പി സ്കൂൾ വിലങ്ങു
- ഗവണ്മെന്റ് എൽ പി സ്കൂൾ മലയിടംതുരുത്ത്
- ഗവണ്മെന്റ് യു പി സ്കൂൾ കുമ്മനോട്
- ഗവണ്മെന്റ് യു പി സ്കൂൾ ഊരക്കാട്

വിദ്യാഭ്യാസ ഗുണനിലവാരവുമായിബന്ധപെട്ട് പരിശോധിക്കുമ്പോൾ 90 കളിൽ 50% ത്തിൽ താഴെയായിരുന്ന വിജയശതമാനം, കഴിഞ്ഞ വർഷങ്ങളിൽ 100 ശതമാനമോ അതിനടുത്തോ എത്തി. പശ്ചാത്തല വികസന മേഖലയിൽ വലിയ അളവിൽ വികസനം 1996 നു ശേഷം എല്ലാവിദ്യാലയങ്ങളിലും സംഭവിച്ചു. സാക്ഷരതാ പ്രവർത്തനവുമായി ബന്ധപ്പെട്ടും അതിനോടനുബന്ധിച്ച് നടന്ന പവ്രത്തനങ്ങളിലും പഞ്ചായത്ത് ഭാഗമായി. തുടർ സാക്ഷരതാ പ്രവർത്തങ്ങളിലും 9 പഞ്ചവത്സരപദ്ധതിക്കാലത്തും തുടർന്നും മികവാർന്ന പവ്രത്തനമാണ് നാം കാഴ്ച്ചവെച്ചത്. കേരളോത്സവം പോലുള്ള വേദികളിൽ കലാപരമായ വളർച്ചക്ക് ആക്കംകൂട്ടിയിട്ടുണ്ട്.

## 2) 25 വർഷത്തെ വിലയിരുത്തൽ

വിദ്യാഭ്യാസ മേഖലയിലും സാക്ഷരതാ പ്രവർത്തനത്തിൻറെ മേഖലയിലും കലാ സാംസ്കാരിക മേഖലയിലും നാം 90 കളിലും തുടർന്നും കൈവരിച്ചുവരുന്ന സ്ഥാനം ഇടക്കാലത്ത് അൽപ്പാൽപ്പമായി

കൈമോശം വന്നു. എന്നാൽ സർവശിക്ഷാ അഭിയാൻ തുടങ്ങിയ വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ ബലമായി വിദ്യാഭ്യാസ ഗുണനിലവാരം എല്ലായിടത്തെന്നപോലെ ഇവിടെയും മെച്ചപ്പെടുകയുണ്ടായി. നവകേരള മിഷൻറെ ഭാഗമായ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൻറെ ഫലമായി വിദ്യാർത്ഥി പ്രവേശന നിരക്കിലും ഹൈടെക് ആധുനീക വൽക്കരണത്തിലും വിജയശതമാനത്തിലുമൊക്കെ ഗണ്യമായ തോതിലുള്ള വികസനനേട്ടങ്ങൾ ആർജ്ജിക്കാൻ നമ്മുടെ പൊതുവിദ്യാലയങ്ങൾക്ക് കഴിഞ്ഞു. അതുപോലെ ലൈബ്രറി പ്രവർത്തനത്തിലും കലാസാംസ്കാരിക മേഖലയിലും പുതുചലനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്,പുസ്തകംവായിക്കുന്നവരുടെ എണ്ണത്തിലും ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

### 3) വെല്ലുവിളികൾ,വികസന വിടവുകൾ

കോവിഡനന്തര വിദ്യാഭ്യാസം പുതിയ വെല്ലുവിളിയാണ്. ഓഫ്ലൈനും ഓൺലൈനും സംയുക്തമായി സമ്മേളിച്ച രീതി ശാസ്ത്രങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്.ദീർഘകാലമായി വീട്ടിൽ അടച്ചിരുന്ന വിദ്യാർത്ഥികൾ മാത്രമല്ല അവരുടെ രക്ഷിതാക്കളും വിവരിക്കാനാവാത്ത മാനസിക വൈകാരിക വെല്ലുവിളികൾ നേരിടുന്നു. ആയതിനാൽ രക്ഷാകർതൃ വിദ്യാഭ്യാസത്തിൻറെ പുതുതലങ്ങൾ അന്വേഷിക്കേണ്ടതുണ്ട്. ശാസ്ത്രീയമായ രക്ഷാകർതൃത്വം പരിശീലിപ്പിക്കാവുനുതകുന്ന പരിശീലനക്കളരികൾ സംഘടിപ്പിക്കേണ്ടതുണ്ട്. കുട്ടികളുടെ വൈകാരിക പിടിമുറുക്കം അയവുവരുത്തുന്നതിനും സാമൂഹിക നൈപുണികൾ വികസിപ്പിക്കുന്നതിനും ആവശ്യമായ പരിശീലനങ്ങളും സംഘടിപ്പിക്കണം. സ്മാർട്ട് ക്ലാസ്സ്മുറികളും ഹൈടെക് ആധുനീക സാങ്കേതിക സൗകര്യങ്ങളും ഓരോ വിദ്യാലയങ്ങളിലും ഉറപ്പുവരുത്തണം. ഗ്രാമകേന്ദ്രങ്ങളോടനുബന്ധിച്ച് പാവപ്പെട്ട കുട്ടികൾക്ക് പഠനപിന്തുണ ഉറപ്പുവരുത്തണം.

### 4) വികസന പരിപേക്ഷ്യം

- അടുത്ത പത്തു വർഷം കൊണ്ട് എല്ലാ വിദ്യാലയങ്ങളുടെയും പശ്ചാത്തല സൗകര്യങ്ങൾ ശിശു സൗഹൃദവും, ആകർഷകവും അന്താരാഷ്ട്ര നിലവാരത്തിലുള്ളതുമാക്കുക.
- ഗ്രാമകേന്ദ്രങ്ങളോടനുബന്ധിച്ച് പഠന പിന്തുണ കേന്ദ്രങ്ങൾ .
- ശാസ്ത്രീയമായ രക്ഷാകർതൃവിദ്യാഭ്യാസം നടപ്പിലാക്കുക.
- എല്ലാ വാർഡുകളിലും വായനശാലകൾ ആരംഭിക്കുക .
- സ്കൂളുകളോടനുബന്ധിച്ച് ഔഷധ സസ്യത്തോട്ടങ്ങൾ വച്ച് പിടിപ്പിക്കുക .
- സാമൂഹീക വൈകാരിക പിന്തുണക്കയാവശ്യമായ ശില്പശാലകൾ സംഘടിപ്പിക്കുക
- കുട്ടികൾക്ക് കൂടുതൽ പോഷകപ്രദമായ ഭക്ഷണം സ്കൂൾ തലത്തിൽ ലഭ്യമാക്കുക .
- പ്രൈമറി സ്കൂൾ ക്ലാസ്സുകളിലെ അധ്യാപകരുടെ വേതനം വർധിപ്പിക്കുകയും അതോടൊപ്പം കുട്ടികൾക്കാവശ്യമായ കളിക്കോപ്പുകൾ ലഭ്യത കൂട്ടുകയും ചെയ്യുക .

### 5) സംയോജന സാദ്ധ്യതകൾ

ആരോഗ്യം,വിദ്യാഭ്യാസം എന്നീ മേഖലകളുമായി സംയോജിച്ച് സംയോജിത പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. സാമൂഹ്യനീതിയുടെ സംയോജിപ്പിച്ചും സാധ്യതകൾ പരിശോധിക്കാവുന്നതാണ്. അതുപോലെതന്നെ കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ് എസ് കെ സംസ്ഥാന പദ്ധതിയായ വിദ്യാകിരൺ, ബ്ലോക്ക് ജില്ലാ പദ്ധതികൾ എന്നിവയൊക്കെയായും സംയോജന സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

## മുൻകാല മാതൃക / വിജയം കൈവരിച്ച പ്രൊജെക്ടുകൾ


| ക്രമ നമ്പർ | മേഖല ഉപമേഖല | പ്രോജക്ടിന്റെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം(ഭൗതീക ലക്ഷ്യം) | കൈവരിച്ച യഥാർഥ പ്രയോജനം (ഭൗതീക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതനുള്ള കാരണങ്ങൾ/ നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | | സ്കൂൾ കെട്ടിട മെയിൻൻറ്റനൻസ് | GEN | 11200000 | സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി പഠനത്തിന് സാഹചര്യം ഒരുക്കുക | സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി പഠനത്തിന് സാഹചര്യം ഒരുക്കി | |
| 2 | | എസ് സി യുവതീ യുവാക്കൾക്ക് പഠനോപകരണങ്ങൾ | SCP | 2010000 | സാമ്പത്തീകമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പഠനോപകാരണങ്ങൾ നൽകി പഠനത്തിന് സഹായിക്കുക | സാമ്പത്തീകമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികക്ക് പഠനോപകാരണങ്ങൾ നൽകി പഠനത്തിന് സഹായിച്ചു | |
| 3 | | എസ്.എസ്.എ വിഹിതം | GEN | 5200000 | | | |

## 2021-22 വാർഷിക പദ്ധതിയിൽ നടപ്പാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | പ്രോജക്ടിന്റെ പേര് | GEN/SCSP/ TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിന്റെ ഇപ്പോഴത്തെ |
|---|---|---|---|---|---|---|---|---|
| | | | | സാമ്പത്തികം (രൂപ ) | ഭൗതീകം | സാമ്പത്തികം (രൂപ ) | ഭൗതീകം | |

| | | | | | | | | അവസ്ഥ |
|---|---|---|---|---|---|---|---|---|
| **1** | | സർക്കാർ സ്കൂളുകളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ | | 3,784,000.00 | | - | | |
| **2** | | സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്റൂം | | 1,304,000.00 | | - | | |

## സ്കൂൾ കുട്ടികളുടെ എണ്ണം



# 12 പൊതുമരാമത്ത്

## 1) 1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

1996ലെ കിഴക്കമ്പലം വികസിത ഗ്രാമത്തിൻറെ ലക്ഷണങ്ങളുടെ അഭാവം ഏറെ പക്രടമായിരുന്നു. പാർപ്പിടം, തെരുവുകൾ, വഴിവിളക്കുകൾ നീർത്തടങ്ങളുടെ കാനകൾ തുടങ്ങിയ പൊതുജനത്തിന്റെ സാമൂഹിക പരിസരങ്ങളിലെ ഘടകങ്ങൾ എല്ലാ പരിഗണന രഹിതമായി, ഉപയോഗശൂന്യാവസ്ഥ കൈവരിച്ചിരുന്നു. ജനകീയാസൂത്രണത്തിന്റെ കാതലായ ഇടപെടലുകൾ മാറ്റുരച്ചത് പൊതുമരാമത്ത് വിഭാഗത്തിൽ തന്നെയായിരുന്നു. തുർച്ചയായ ഗ്രാമസഭ നിർദ്ദേശങ്ങളിൽ നിന്ന് ജനഹിതം സാംശീകരിച്ചെടുത്തതിൻമേൽ നടത്തിയ പ്രതിപ്രവർത്തനങ്ങൾ പടിപടിയായി ഗ്രാമത്തിന് പുതിയ രൂപഭാവം കൈവരുത്തി. ഇവയോരോന്നും ജനങ്ങൾക്ക് അനുഭവത്തിൻറെ പുതുമ നൽകി.

ശക്തമായ മാറ്റമാണ് 13 ആം പഞ്ചവത്സര പദ്ധതികാലത്ത് റോഡുകൾ, തെരുവ് വിളക്കുകൾ, തോടുകൾ, കലുങ്ക്, കാന നിർമ്മാണം എന്നീ മേഖലകളിൽ ഉണ്ടായത്. കാലാനുസൃതമായ പദ്ധതികൾ ദീർഘകാലാടിസ്ഥാനത്തിൽ ഉന്നത സാങ്കേതികമികവോടെ സമയബന്ധിതമായി അസൂത്രണം ചെയ്ത നടപ്പിലാക്കി തുടങ്ങിയതോടെ, കേരളത്തിലെ മറ്റുഗ്രാമപഞ്ചായത്തുകളിലെ സമാനസാഹചര്യങ്ങളെ അസാമാന്യ ഉയരത്തോടെ കീഴ്പ്പെടുത്തുന്നത് കാണാം. ഈ മേഖലയിലെ വിവിധ പ്രവർത്തങ്ങൾക്ക് സമ്പൂർണ്ണത കൈവരുന്നത് ഏറെ അടുത്ത സമയത്ത് തന്നെയായിരിക്കും..

## 2) 25 വർഷത്തെ വിലയിരുത്തൽ

വായു,ജലം,ആഹാരം,വസ്ത്രം,പാർപ്പിടം എന്നീ അടിസ്ഥാന സൗകര്യങ്ങളിൽ ഭവനരഹിതർക്ക് മാന്യവും വാസയോഗ്യവുമായ ഭവനം സാധ്യമായത് 13 ആം പഞ്ചവത്സര

പദ്ധതിയിലാണ്.ഞാറള്ളൂർ,വിലങ്ങ്,മാക്കിനിക്കര കോളനികൾ ആധുനീക വിലക്ലളാക്കിയത് കേരളത്തിന് മാതൃകയായി.ഇതേ കാലയളവിൽ തന്നെ പണിതീർത്ത മറ്റ് ഭവനങ്ങൾ ഈ മേഘലയിൽ ഈ ഗ്രാമാന്തരീക്ഷത്തിന് മാറ്റ് കൂട്ടാനായി.കിണറുകൾ പുനരുദ്ധാരണം നടത്തി ജലസ്രോതസ്സുകൾ ഉപയോഗയോഗ്യമാക്കിയും കുടിവെള്ള ടാങ്കുകൾ സ്ഥാപിച്ച് പൈപ്പ് ലൈൻ കണക്ഷൻ നൽകിയും ജല ലഭ്യത ഉറപ്പാക്കി.

ഇരുപത്തിയഞ്ച് വർഷത്തെ ചരിതത്ത്രിലെ കാതലായ മാറ്റം ഉണ്ടായത് ഗതാഗത സൗകര്യങ്ങൾ അത്യാധുനിക വത്കരണം,തെരുവുവിളക്കുകൾ എന്നിവയിലാണ്. റോഡുകളുടെ വീതി വികസിപ്പിച്ച് , കയറ്റിറക്കങ്ങൾ പുനർക്രമീകരിച്ച് BMBC നിലവാരത്തിൽ ടാറിങ് പൂർത്തിയാക്കി ഷോൾഡറുകൾ കോൺക്രീറ്റ് / കോൺക്രീറ്റ് ബ്ലോക്കുകൾ നിരത്തി റൺവേ സമാനമായ റോഡുകൾ ദേശീയനിലവാരത്തിലാക്കി ഗ്രാമാന്തരീക്ഷത്തിൻറെ മുഖഛായ മാറ്റിയത് 13 ആം പഞ്ചവത്സര പദ്ധതിയിലായിരുന്നു. ഉറപ്പുള്ള കാലഹരണപ്പെടാത്ത ഈ ഗതാഗത സൗകര്യങ്ങൾ ഗ്രാമസമൂഹത്തിന് പുതിയ പുറം കാഴ്ച നൽകി.5 സർക്കാർ സ്കൂളിൽ 3 എണ്ണത്തിന് അന്തർദേശീയ നിലവാരത്തിലുള്ള കെട്ടിടങ്ങൾ രൂപപ്പെട്ടുകഴിഞ്ഞു. ഇതിനോടനുബന്ധിച്ചുള്ള സൗകര്യങ്ങൾ ഈ സ്കൂളുകളെ ഉന്നത നിലവാരത്തിലുള്ള സ്കൂൾ കെട്ടിടങ്ങളാക്കി മാറ്റി.

പ്രാഥമിക ആശുപത്രി കെട്ടിടങ്ങൾ പരമ്പരാഗത ഗവൺമെൻറ് ആശുപത്രി കെട്ടിട സമുച്ചയങ്ങളിൽ നിന്നും ഏറെ വ്യത്യസ്ഥമായി വൃത്തിയും വെടിപ്പും കൈവന്നു.പുതുക്കി പണിതീർത്ത റോഡുകളുടെ ഇരുവശവും കാന പണി തീർത്തതോടെ വെള്ളക്കെട്ടിനും,വൃത്തിഹീനമായ റോഡുകളും നാട്ടിൽ നിന്നും അപത്ര്യക്ഷമായി.കാനക്കുമുകളിൽ നിർമ്മിച്ചിരിക്കുന്ന നടപ്പാതകളും വശങ്ങളിൽ തീർത്തിരിക്കുന്ന കൈവരികൾ ആധുനീക സാങ്കേതിക സാദ്ധ്യതകളെ ചൂഷണം ചെയ്ത് നിർമ്മിച്ചവയാണ്.

ഗ്രാമത്തിലെ ജലവിതാനം നിലനിർത്താൻ നീർത്തടങ്ങൾ തോട്,കുളങ്ങൾ എന്നിവ കെട്ടി സംരക്ഷിച്ച് തോടുകൾക്ക് കുറുകെ 300 M ഇടവിട്ട് ചീർപ്പുകളുടെ നിർമ്മാണം പൂർത്തിയായതോടെ ജലലഭ്യത സമ്പൂർണ്ണമായിക്കഴിഞ്ഞു.

### 3) വെല്ലുവിളികൾ,വികസന വിടവുകൾ


നിർമ്മാണത്തിലെ വ്യത്യസ്തയും ആധുനീക സ്വഭാവവും നിർമ്മാണനത്തിന് വേണ്ട വകുപ്പുതല അനുമതി സാങ്കേതിക അനുമതി എന്നിവക്ക് സാധുതയുടെ ശക്തമായ പരിശോധനകളും ഇതോടൊപ്പം ഉയർന്നു വന്നു.സംശയങ്ങളും പദ്ധതി ആവിഷ്ക്കാരത്തിന് വേഗത കുറക്കാൻ കാരണമായി.കാലാവസ്ഥ വ്യതിയാനം നിർമ്മാണത്തിന് വെല്ലുവിളി ഉയർത്തി കൊണ്ടിരുന്നു. താരതമ്യേന ഇടുങ്ങിയ ഗ്രാമീണറോഡുകളുടെ വീതി കുറവ്, ഇത് വികസിപ്പിക്കുന്നതിന് സ്ഥലഉടമകളുടെ നിസ്സഹരണം തുടങ്ങിയ കാരണങ്ങൾ റോഡ് നിർമ്മാണത്തിലെ വെല്ലുവിളികൾ. വീതി വികസിപ്പിച്ച റോഡുകളിൽ നിലനിന്നിരുന്ന ഇലക്ട്രിക് പോസ്റ്റുകൾ വശങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യം വേണ്ട പണലഭ്യതയുടെ കുറവ്,KSEB വകുപ്പിന്റെ ജോലി ഭാരം എന്നിവ റോഡ് നിർമ്മാണത്തിലെ വെല്ലുവിളികളാണ് നിലനിൽക്കുന്നു. മഴക്കാലത്തിൻറെ വർദ്ധനവും കാലാവസ്ഥാ വ്യതിയാനവും തോട്,കുള സംരക്ഷണം നടത്തി മുൻപോട്ട് പോകുന്നതിന് തടസ്സമായി. LIFE വുമായി ചേർന്ന് നടത്തിയിരുന്ന പാർപ്പിട നിർമ്മാണം സർക്കാർ അനുമതി വൈകുന്നതുമൂലം നിർമ്മാണ നിരക്ക് പിന്നോട്ട് പോയിരിക്കുന്നു. പഞ്ചായത്ത്

സ്വപ്നപദ്ധതിയായ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ചില മുൻ കൈവശക്കാരുടെ അവകാശസംരക്ഷണ തർക്കം മൂലം 2 വർഷമായി നിയമക്കുരുക്കിലാണ്. പൊതുമരാമത്ത് വകുപ്പിൻറെ എക്കാലത്തെയും ക്യാൻസർ ആയിട്ടുള്ള അഴിമതി മുറിച്ച് നീക്കിയത് മൂലം ഇതുമായി ബന്ധപ്പെട്ട് ജീവിച്ചിരിക്കുന്നവരും ഈ പ്രവർത്തനങ്ങൾക്ക് കുടപിടിക്കുന്നവരും ഇതിന്റെ വീതം കൈപ്പറ്റി ജീവിതം മുന്നോട്ട് കൊണ്ടുപോയവരും ഈ ജൈവികകോശത്തെ പുനഃപ്രതിഷ്ഠിക്കാൻ ഒരുമിച്ച് കൂടി നടത്തുന്ന പ്രതിരോധ പ്രവർത്തനങ്ങൾ ഏറെ വെല്ലുവിളികളും പിഴവുകളും ഏറ്റവും പ്രധാനമായി സൃഷ്ടിക്കുന്നു.

**4) വികസന പരിപ്രേക്ഷ്യം**


സ്വയം പര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കാനുള്ള പദ്ധതികൾക്ക് മുന്നിലെ വെല്ലുവിളികളെ ഓരോന്നിനെയും വകഞ്ഞ് മാറ്റി നടപ്പിലാക്കും. മുറിച്ച് മാറ്റിയ അഴിമതിയുടെ തായ്‌വേരിളക്കി ചില ബാഹ്യ ശക്തികൾ നടത്തുന്ന പുനർപ്രവേശന ശ്രമം ഇല്ലാതാക്കി പദ്ധതി വിനിയോഗത്തുക മുഴുവനായും ഉപഭോക്താക്കളിലേക്ക് എത്തിക്കും എന്ന ദൃഢനിശ്ചയത്തോടെ സാങ്കേതിക വിദ്യയുടെ നവീന സാധ്യതകൾ ഉപയോഗപ്പെടുത്തി ദീർഘകാലാടിസ്ഥാനത്തിൽ ലക്ഷ്യാധിഷ്ഠിതമായി പദ്ധതികൾ അസൂത്രണമികവോടെ ആവിഷ്കരിച്ച് നടപ്പിലാക്കും.

## ബി എം ബി സി റോഡുകളുടെ എണ്ണം






ഇന്ന്
കുളങ്ങൾ
പുനർജനിച്ചു
നാട്
ഐശ്വര്യമണിഞ്ഞു
അന്ന്


CHEMBARAKI - PUKKATTUPADY ROAD WORK
BEFORE
AFTER


# DRAINAGE WORK

BEFORE



AFTER






**GODS OWN VILLA**



## മുൻകാല മാതൃക / വിജയം കൈവരിച്ച പ്രൊജെക്ടുകൾ 2012-2013

| ക്രമ നമ്പർ | മേഖല | പ്രോജക്ടിന്റെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം(ഭൗതീക ലക്ഷ്യം) | കൈവരിച്ച യഥാർഥ പ്രയോജനം (ഭൗതീക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതനുള്ള കാരണങ്ങൾ/ നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | | മലയിടംതുരുത്ത് ആകാശപറവ റോഡ് പുനരുദ്ധാരണം (വാ.1) | GEN | 491260 | | | |
| 2 | | അമ്പുനാട് സെൻറ് സെബാസ്റ്റ്യൻ ചർച്ച് കോൺവെൻറ് റോഡ് മെറ്റലിങ്ങും ടാറിങ്ങും( വാ.2) | GEN | 242598 | | | |
| 3 | | തണ്ടികമുഗൾ മലയിടംതുരുത്ത് മസ്ജിദ് റോഡ് റീടാറിംഗ് ( വാ.01) | GEN | 415000 | | | |
| 4 | | മാക്കിനിക്കര സെൻറ് സെബാസ്റ്റ്യൻ ചർച്ച് റോഡ് റീ ടാറിംഗ് ( വാ.2) | GEN | 310801 | | | |

## മുൻകാല മാതൃക / വിജയം കൈവരിച്ച പ്രൊജെക്ടുകൾ 2013-2014

| ക്രമ നമ്പർ | മേഖല | പ്രോജക്ടിന്റെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം(ഭൗതീക ലക്ഷ്യം) | കൈവരിച്ച യഥാർഥ പ്രയോജനം (ഭൗതീക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതനുള്ള കാരണങ്ങൾ/ നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | | 2013-2014 വിലങ്ങ് സെൻറ്.മേരീസ് ചർച്ച് തൈക്കാവ് മിൽമ ജംഗ്ഷൻ റോഡ് സൈഡ് സംരക്ഷണം കലുങ്ക് നിർമ്മാണം | GEN | 246983 | | | |
| 2 | | ജമ്മാടിഞ്ഞാൽ കോളനി നവീകരണം | GEN | 392216 | | | |
| 3 | | 2013-2014 പട്ടികജാതി ഒറ്റവീടുകൾക്ക് കയ്യാലനിർമ്മാണം | GEN | 384208 | | | |
| 4 | | 2013-2014അംഗനവാടി പുനരുദ്ധാരണം | GEN | 528650 | | | |
| 5 | | വിപണന കേന്ദ്രം - നിർമാണം | GEN | 157477 | | | |

## മുൻകാല മാതൃക / വിജയം കൈവരിച്ച പ്രൊജെക്ടുകൾ 2014-2015

| ക്രമ നമ്പർ | മേഖല | പ്രോജക്ടിന്റെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം(ഭൗതീക ലക്ഷ്യം) | കൈവരിച്ച യഥാർഥ പ്രയോജനം (ഭൗതീക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതനുള്ള കാരണങ്ങൾ/ നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | | വിവിധ സ്കൂൾ കെട്ടിട പുനരുദ്ധാരണം | GEN | 271682 | | | |
| 2 | | ബഡ്സ് ഉപജീവന തൊഴിൽ പരിശീലന കേന്ദ്രം നിർമ്മാണം | GEN | 200000 | | | |
| 3 | | കൃഷി ഭവൻ ഓഫിസ് സ്റ്റോർ മുറി നിർമ്മാണം | GEN | 815285 | | | |
| 4 | | മാക്കിനിക്കര എസ് സി കോളനി നവീകരണം | GEN | 299738 | | | |
| 5 | | ഗവ.എൽ.പി.സ്കൂൾ മെയിൻടനെൻസ് | GEN | 246361 | | | |

## മുൻകാല മാതൃക / വിജയം കൈവരിച്ച പ്രൊജെക്ടുകൾ 2015-2016

| ക്രമ നമ്പർ | മേഖല | പ്രോജക്ടിന്റെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം(ഭൗതീക ലക്ഷ്യം) | കൈവരിച്ച യഥാർഥ പ്രയോജനം (ഭൗതീക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതനുള്ള കാരണങ്ങൾ/ നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | | ലക്ഷം വീട് കോളനി റോഡ് റീ ടാറിംഗ് | GEN | 321017 | | | |
| 2 | | ഊരക്കാട് സ്കൂൾ പുനരുദ്ധാരണം | GEN | 642317 | | | |
| 3 | | മാതകുളങ്ങര കുടി വെള്ള പദ്ധതി | GEN | 31586 | | | |
| 4 | | കാവുങ്ങപറമ്പ് റോഡ് സൈഡ് ഓട നിർമ്മാണം | GEN | 303233 | | | |
| 5 | | പോയ്യകുന്നം അംഗൻവാടി നിർമാണം | GEN | 617997 | | | |

## മുൻകാല മാതൃക / വിജയം കൈവരിച്ച പ്രൊജെക്ടുകൾ 2016-2017

| | മേഖല | പ്രോജക്ടിന്റെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം(ഭൗതീക ലക്ഷ്യം) | കൈവരിച്ച യഥാർഥ പ്രയോജനം (ഭൗതീക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതനുള്ള കാരണങ്ങൾ/ നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | | പൊയ്യക്കുന്നം വനിതാ വ്യവസായ കേന്ദ്രം നിർമ്മാണം | GEN | 627886 | | | |
| 2 | | കുമ്മനോട് സ്കൂൾ പുനരുദ്ധാരണം | GEN | 113156 | | | |
| 3 | | ജി.എൽ.പി.എസ കിഴക്കമ്പലം ഓഫീസ് സ്റ്റാഫ് റൂം പൂർത്തീകരണം | GEN | 453000 | | | |
| 4 | | മനക്കക്കടവ് റോഡ് പാർശ്വ സംരക്ഷണം - വാർഡ്- 15 | GEN | 485015 | | | |
| 5 | | വിലങ്ങ് ഗവ : യു. പി സ്കൂൾ പുനരുദ്ധാരണം- വാർഡ്- 11 | GEN | 134874 | | | |

## മുൻകാല മാതൃക / വിജയം കൈവരിച്ച പ്രൊജെക്ടുകൾ 2017-2018

| | മേഖല | പ്രോജക്ടിന്റെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം(ഭൗതീക ലക്ഷ്യം) | കൈവരിച്ച യഥാർഥ പ്രയോജനം (ഭൗതീക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതനുള്ള കാരണങ്ങൾ/ നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | | മേച്ചേരിമോളം മലയിടംതുരുത് റോഡ് മെച്ചപ്പെടുത്തൽ - വാർഡ് – 4 | GEN | 467101 | | | |
| 2 | | വിവിധ വാർഡുകളിലെ അംഗൻവാടി പുനരുദ്ധാരണം | GEN | 1753455 | | | |
| 3 | | പുളിക്കൽ റോഡ് മെറ്റലിങ് ആൻഡ് ടാറിങ്,കട്ടവിരി - വാർഡ്- 17 | GEN | 521904 | | | |
| 4 | | ബസ് സ്റ്റാൻഡ് കെട്ടിടം - വിപണന കേന്ദ്രം - പൂർതീകരണ പ്രവർത്തികൾ വാർഡ്- 13 | GEN | 459508 | | | |

## മുൻകാല മാതൃക / വിജയം കൈവരിച്ച പ്രൊജെക്റ്റുകൾ 2018-2019

| ക്രമനമ്പർ | മേഖല ഉപമേഖല | പ്രോജക്ടിന്റെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം(ഭൗതീക ലക്ഷ്യം) | കൈവരിച്ച യഥാർഥ പ്രയോജനം (ഭൗതീക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതനുള്ള കാരണങ്ങൾ/ നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | | മലയിടെതുരുത്ത് കമ്പനിക്കവലറോഡ് റീടാറിംഗ് വാർഡ് 1 | GEN | 482788 | | | |
| 2 | | വിലങ്ങാട്ടു ചിറ കോളനി റോഡ്പുനരുദ്ധാരണം - വാർഡ് – 9 | GEN | 474087 | | | |
| 3 | | കുമ്മനോട് – ചൂരക്കോട് ബൈ പാസ് റോഡ് പുനരുദ്ധാരണം- വാർഡ് -8 | GEN | 1073637 | | | |
| 4 | | അമ്പുനാട് കടമ്പ്രയാർ വലിയ തോട് പാർശ്വ ഭിത്തി സംരക്ഷണവും തടയണ സ്ഥാപിക്കലും | GEN | 1341775 | | | |
| 5 | | വിലങ്ങ് അമ്പലപ്പടി റോഡ് പുനരുദ്ധാരണം | GEN | 1063784 | | | |

## മുൻകാല മാതൃക / വിജയം കൈവരിച്ച പ്രൊജെക്റ്റുകൾ 2019-2020

| | മേഖല ഉപമേഖല | പ്രോജക്ടിന്റെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം(ഭൗതീക ലക്ഷ്യം) | കൈവരിച്ച യഥാർഥ പ്രയോജനം (ഭൗതീക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതനുള്ള കാരണങ്ങൾ/ നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | | കിഴക്കമ്പലം മാർക്കറ്റ്- താമരച്ചാൽ ബൈപാസ് റോഡ് പുനരുദ്ധാരണം- വാർഡ്-12 | GEN | 1221500 | | | |
| 2 | | പൂക്കോളമുക്ക് റോഡ് പുനരുദ്ധാരണം - വാർഡ് - 7 | GEN | 950000 | | | |
| 3 | | വലിയവീട്ടിൽ താഴം റോഡ് കട്ട വിരിക്കൽ | GEN | 846259 | | | |
| 4 | | ബഡ്സ് സ്കൂൾ മതിൽ കെട്ടി സംരക്ഷിക്കൽ | GEN | 582753 | | | |
| 5 | | തോട് തടയണ നിർമ്മാണവും പാർശ്വഭിത്തി സംരക്ഷണവും | GEN | 585107 | | | |

## മുൻകാല മാതൃക / വിജയം കൈവരിച്ച പ്രൊജെക്റ്റുകൾ 2020-2021

| ക്രമ നമ്പർ | മേഖല ഉപമേഖല | പ്രോജക്ടിന്റെ പേര് | GEN/ SCSP/ TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം(ഭൗതീക ലക്ഷ്യം) | കൈവരിച്ച യഥാർഥ പ്രയോജനം (ഭൗതീക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതനുള്ള കാരണങ്ങൾ/ നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | | ആറ്റുപ്പടി ചിറവക്കാട് റോഡ് സൈഡ് പ്രൊട്ടക്ഷൻ | GEN | 3896029 | | | |
| 2 | | വിലങ്ങു ചൂരക്കോട് റോഡ് സൈഡ് പ്രൊട്ടക്ഷൻ | GEN | 2853999 | | | |
| 3 | | അംഗൻവാടി നം 107 നിർമ്മാണം വാർഡ് 10 | GEN | 946762 | | | |
| 4 | | പഞ്ചായത്തു ഓഫീസ് രണ്ടാം നില പൂർത്തീകരണം | GEN | 1307995 | | | |
| 5 | | തോട് തടയണ നിർമ്മാണവും പാർശ്വഭിത്തി സംരക്ഷണവും | GEN | 1830323 | | | |

## 2021-22 വാർഷിക പദ്ധതിയിൽ നടപ്പാക്കി വരുന്ന പ്രോജക്ടുകളുടെ വിശദംശങ്ങൾ

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | പ്രോജക്ടിന്റെ പേര് | GEN/ SCSP / TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|
| | | | | സാമ്പത്തികം (രൂപ ) | ഭൗതീകം | സാമ്പത്തികം (രൂപ ) | ഭൗതീകം | |
| **1** | | വച്ചേരിപ്പാറ പൊയ്യക്കുന്നം റോഡ് പുനരുദ്ധാരണം (ബി എം ആൻഡ് ബി സി) - വാർഡ് 12 | | 3,933,055.00 | | - | | |
| **2** | | സബ്സ്റ്റേഷൻ എരുമേലി റോഡ് റീടാറിങ്ങ് - വാർഡ് 9 | | 825,000 | | 825,000.00 | | |
| **3** | | തക്ദീസ് ആശുപത്രി എടത്തിക്കാട് റോഡ് പുനരുദ്ധാരണം (ബിഎം ബിസി) - വാർഡ് 1 | | 6,177,215.00 | | - | | |
| **4** | | **പൊയ്യക്കുന്നം വാട്ടർടാങ്ക് റീടാറിങ്ങ് - വാർഡ് 12** | | **380,000** | | **364272** | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | | മേച്ചിൽ വനം റോഡ് റീടാറിങ്ങ് - വാർഡ് 7 | | 715,000 | | - | | |
| 6 | | അംഗൻവാടി നം 89 കെട്ടിട നിർമ്മാണം - വാർഡ് 2 | | 1,500,000 | | - | | |
| 7 | | മാളിയേക്കമോളം പന്നിച്ചാൽ പുഞ്ച റോഡ് റീടാറിങ്ങ് - വാർഡ് 16 | | 320,150 | | - | | |
| 8 | | കാരുകുളം കടമ്പ്രയാർ വലിയതോട് സൈഡ് പ്രൊട്ടക്ഷൻ (വാർഡ് - 1314) | | 3,671,500 | | - | | |
| 9 | | പഞ്ചായത്ത് ഓഫീസ് ടോയലറ്റുകളുടെ അറ്റക്കുറ്റപ്പണി | | 600,000 | | - | | |
| 10 | | എരുപ്പംപാറ - ആഞ്ഞിലിചുവട് റോഡ് കാന നിർമ്മാണം വാർഡ് 8 | | 871,500 | | - | | |
| 11 | | എം എൽ എ റോഡ് കാനനിർമ്മാണം- വാർഡ് 3 | | 1,200,000 | | - | | |
| 12 | | പഞ്ചായത്ത് ഓഫീസ് ഫർണ്ണിഷിംഗ് | | 3,000,000.00 | | - | | |
| 13 | | എംസിഎഫ് മെയിൻറനൻസ് | | 72,000 | | - | | |
| 14 | | ആയുർവ്വേദ ആശുപത്രിയുടെ മെയിൻറനൻസ് | | 25,000 | | - | | |
| 15 | | വനിത വ്യവസായ കേന്ദ്രം മെയിൻറനൻസ് (താമരച്ചാൽ) | | 200,000 | | - | | |
| 16 | | വനിത വ്യവസായ കേന്ദ്രം മെയിൻറനൻസ് (പൊയ്യക്കുന്നം | | 200,000 | | - | | |
| 17 | | കച്ചേരിമല - ചക്കരക്കാട്ട് റോഡ് റീടാറിംഗ് (വാർഡ്-6) | | 1,000,000 | | - | | |
| 18 | | മനാഫിയ താഴം - പാറയ്ക്കൽമോളം റോഡ് റീടാറിംഗ് (വാർഡ് -6) | | 730,000 | | | | |
| 19 | | കിഴക്കമ്പലം - അങ്ങാടി റോഡ് സൈഡ് കോൺക്രീറ്റിംഗ് ആൻറ് കാന നിർമ്മാണം | | 1,000,000 | | - | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| **20** | | പാറപ്പുറംപാടം റോഡ് പുനരുദ്ധാരണം (വാർഡ്-5) | | **1,500,000** | | - | | |
| **21** | | **പഞ്ചായത്ത് എക്സ്റ്റൻഷൻ കൌണ്ടർ ഫോർ ILGMS** | | **500,000.00** | | - | | |
| **22** | | **ജനകീയ ഹോട്ടൽ നിർമ്മാണം** | | **3,000,000** | | - | | |
| **23** | | എരപ്പുംപാറ ആഞ്ഞിലിച്ചുവട് റോഡ് പുനരുദ്ധാരണം (ബിഎം ആൻഡ് ബിസി)- വാർഡ് 8 സെക്കൻറ് റീച് | | 4,441,800.00 | | - | | |
| **24** | | **കാരുകുളം കടമ്പശ്രയാർ വലിയ തോട് തടയണ നിർമ്മാണം** | | **1,300,000.00** | | - | | |
| **25** | | **തൈക്കാവ് ചൂരക്കോട് റോഡ് പുനരുദ്ധാരണം സെക്കൻറ് റീച്ച് (ബിഎം ആൻഡ് ബിസി)വാർഡ്-5** | | **6,742,380.00** | | - | | |
| **26** | | വിവിധ അംഗൻവാടി മെയിൻറനൻസ് വാർഡ്-**6715** | | **200,000** | | - | | |
| **27** | | **മാളിയേക്കപ്പടി പഴങ്ങനാട് റോഡ് പുനരുദ്ധാരണം (ബിഎം ആൻഡ് ബിസി)വാർഡ്-16** | | **2,511,113.00** | | - | | |
| **28** | | **മേച്ചേരിമുകൾ മലയിടംതുരുത്ത് റോഡ് പുനരുദ്ധാരണം (ബിഎം ആൻഡ് ബിസി)വാർഡ്-4** | | **4,551,107.00** | | - | | |
| **29** | | **ആശാൻപ്പടി താമരച്ചാൽ റോഡ് പുനരുദ്ധാരണം (ബിഎം ആൻഡ് ബി സി)- വാർഡ്-17** | | **9,543,900.00** | | - | | |
| **30** | | റവന്യൂ ടവർ നിർമ്മാണം | | **1,000,000.00** | | - | | |
| **31** | | **പഞ്ഞംകുളം-കപ്പേള റോഡ് റീടാറിംങ്ങ് ആൻഡ് സൈഡ്** | | **1,050,000** | | - | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | പ്രൊട്ടക്ഷൻ-വാർഡ് 1 | | | | | | |
| 32 | | കുമ്മനോട് കോളനി റോഡ് റീടാറിംഗ്-7 | | 760,000.00 | | - | | |
| 33 | | ഭണ്ഡാരക്കവല കനാൽ ബണ്ട് റോഡ് റീടാറിങ് വാർഡ് -8 | | 286,000 | | - | | |
| 34 | | കിഴക്കമ്പലം മാർക്കറ്റ്-പുതിയ ഷോപ്പിംങ്ങ് കോംപ്ലക്സ് നിർമ്മാണം | | 10000000 | | 0 | | |

# 13 ജൈവവൈവിധ്യ മാനേജ്മന്റ് - കാലാവസ്ഥാ വ്യതിയാനം പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം

**1) 1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും**

കുന്നുകളും സമതല പ്രദേശങ്ങളും ഇടകലർന്ന സമൃദ്ധിയുടെ നാടാണ് ,സമുദ്രനിരപ്പിൽ നിന്നും 20 മീറ്റർ മുതൽ 40 മീറ്റർ വരെയാണ് ശരാശരി ഉയരം, എറണാകുളം ജില്ലയുടെ ഏതാണ്ട് മധ്യഭാഗത്ത് കുന്നത്തുനാട് താലൂക്കിൽ സ്ഥിതി ചെയുന്ന 31.57 ചതുരശ്രകിലോമീറ്റർ വിസ്തൃതിയിലുള്ള കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്.

1996 ൽ ജനകീയആസൂത്രണപ്രസ്ഥാനം നിലവിൽവന്ന സമയത്ത് ദുരന്ത നിവാരണത്തിനും പക്രൃതി സംരക്ഷണത്തിനും വേണ്ടി പത്യേക പദ്ധതികളൊന്നും തന്നെ ആവിഷ്കരിക്കേണ്ടിവന്നിട്ടില്ല.കാരണം പക്രൃതിയെ ഇന്നത്തെപ്പോലെ ചൂഷണം ചെയ്യുന്ന അവസ്ഥയുണ്ടായിരുന്നില്ല. സ്വാഭാവികമായ കൃഷിരീതികളും, ജലസ്രോതസ്സുകളുടെ നീരൊഴുക്കും ഒരു പരിധിവരെ പക്രൃതിയെ സംരക്ഷിച്ചിരുന്നു. എന്നാൽ ഇന്നത്തെ അവസ്ഥ അതല്ല,മനുഷ്യൻറെ സ്വാർത്ഥതയും , ദുരാഗഹ്രങ്ങളും, എങ്ങിനെയെങ്കിലും ധനമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ പക്രൃതിയെ പരമായവധി ചൂഷണം ചെയ്യുകയും ചെയ്യുന്ന അവസ്ഥ വന്നതോടെ പലപല ദുരന്തങ്ങളും നമ്മെത്തേടി വന്നു. 2018 ലെ മഹാപ്രളയം , മനുഷ്യരാശിയെ തകർത്തെറിഞ്ഞതോടെയാണ് ഇങ്ങനെയൊരു വിഷയത്തിൻറെ പ്രാധാന്യം മനസ്സിലാക്കി പുതിയൊരു വർക്കിംഗ് ഗ്രൂപ്പ് നിലവിൽ വന്നത്. ഇന്ന് പ്രളയം, വരൾച്ച, പകർച്ചവ്യാധികൾ പ്രകൃതിദുരന്തങ്ങൾ എന്നിവ തുടർച്ചയായി വന്നുകൊണ്ടിരിക്കുന്നു. ആയതിനാൽ ഈ വിഷയത്തിന് അതിൻെറതായ പ്രാധാന്യം നൽകി പക്രൃതിയെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികളും കോവിഡ് 19 പോലുള്ള മഹാമാരിതടയുന്നതിനുള്ള വിവിധ പദ്ധതികളും നടപ്പാക്കിവരുന്നു.

## 2) 25 വർഷത്തെ വിലയിരുത്തൽ

കേവലം 4 വർഷം മാത്രമാണ് ദുരന്തനിവാരണം മുന്നിൽ കണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് തുടങ്ങിയിട്ട്. 2018 ലെ മഹാപ്രളയം കിഴക്കമ്പലം ഗ്രാമപഞ്ചായത്തിന്റെ കാര്യമായി ബാധിച്ചില്ലെങ്കിലും ദുരിതം അനുഭവിക്കുന്നവർക്കായി ദുരിതാശ്വാസക്യാമ്പുകൾ ആരംഭിക്കുകയും, ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തിടുകയും ചെയ്തു. ആവശ്യക്കാരായ എല്ലാവർക്കും ഭക്ഷണം എത്തിക്കുന്നതിനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കുകയും വിതരണം ചെയ്യുകയും ചെയ്തു.

കോവിഡ് 19 മഹാമാരി കാലത്തും വളരെ മാതൃകാപരമായിത്തന്നെയാണ് പഞ്ചായത്ത് പ്രവർത്തിച്ചത്. സന്നദ്ധസേവകരുടേയും ജനപ്രതിനിതികളുടെയും, ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ വാർഡ് തലത്തിൽ ഗ്രൂപ്പ് നിർമ്മിക്കുകയും, ഓരോ കുടുംബത്തിൻറെയും ആവശ്യങ്ങൾ മനസിലാക്കി പരിഹരിക്കുകയുംചെയ്തു. സൗജന്യമായിത്തന്നെ ഭക്ഷണവും, ഭക്ഷ്യധ്യാനക്കിറ്റുകളും, മരുന്നുകളും വിതരണം ചെയ്തു. പട്ടിണികിടക്കുന്ന ഒരാൾ പോലും പഞ്ചായത്തിൽ ഇല്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്തു. കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ ആയി ബന്ധപ്പെട്ട് ഏകദേശം 15 ലക്ഷം രൂപയോളം പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് ചിലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ ആരംഭിച്ച CFLTC , DCC എന്നിവയുടെ പ്രവർത്തനം ജനങ്ങൾക്ക് വളരെ ഉപകാരപ്രദമായിരുന്നു.

## 3) വെല്ലുവിളികൾ,വികസന വിടവുകൾ

ദുരന്ത നിവാരണത്തിനും, പരിസ്ഥതിസംരക്ഷണത്തിനും, പഞ്ചായത്ത് തലത്തിൽ വിവിധ പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്നുണ്ടെങ്കിലും ,വളരെയധികം വെല്ലുവിവിളികൾ ഈ രംഗത്ത്

നേരിടേണ്ടിവരുന്നുണ്ട്. എത്ര ദുരന്തങ്ങളെ നേരിടേണ്ടിവന്നാലും മനുഷ്യൻറെ മനോഭാവം തന്നെയാണ് ഈ രംഗത്ത് നേരിടേണ്ടി വരുന്ന പധ്രാനവെല്ലുവിളി.ഓരോ ദുരന്തങ്ങൾ കഴിയുമ്പോഴും, അനുഭവിച്ച കഷ്ടപ്പാടുകളും ദുരിതങ്ങളും മനുഷ്യൻ അപ്പോൾതന്നെ മറക്കുന്നു. വീണ്ടും പക്രൃതിയെ ചൂഷണം ചെയ്ത മുന്നോട്ട് പോകുന്നു. പക്രൃതിയോടുള്ള മനോഭാവവും ചൂഷണവും മാറിയാൽ മാതമ്രേ ഈ രംഗത്ത് ഒരു മാറ്റം വരുത്തുന്നതിന് സാധിക്കുകയുള്ളു.

ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, ഏതെങ്കിലും തരത്തിലുള്ള ദുരന്തങ്ങൾ ഉണ്ടായാൽ അടിയന്തിരമായി ഇടപെട്ട് പശ്ര്ന പരിഹാരം നടപ്പിൽ വരുത്തുന്നതിന് ഉതകുന്ന രീതിയിൽ സന്നദ്ധപ്രവർത്തനക്കാരെയും, മറ്റ് ബന്ധപ്പെട്ടവരെയും ഉൾപ്പെടുത്തി, ഒരു കർമ്മസേനയെ പ്രാപ്തരാക്കികൊണ്ടുവരുക എന്നത്, പഞ്ചായത്തിൻറെ ഒരു ലക്ഷ്യമാണ്. ഇത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നു. മാലിന്യ സംസ്കരണം അതിന്റെ പൂർണതയിലേക്ക് എത്തിയിട്ടില്ലെങ്കിലും, ഹരിതകർമ്മ സേനയുടെ സഹായത്തോടെ മാലിന്യ ശേഖരണം നടത്തി, സംസ്കരിക്കുന്നതിനായി ഏജൻസിക്ക് കൈമാറുന്നു. ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ ഇനിയും വിപുലീകരിക്കേണ്ടതാണ്.

## 4) വികസന പരിപേക്ഷ്രം

ദുരന്തനിവാരണത്തിനും,ജൈവവൈവിധ്യ സംരക്ഷണത്തിനുമായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പഞ്ചായത്ത് ലക്ഷ്യമിടുന്നുണ്ട്. മറ്റ് വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങളുമായി സംയോചിപ്പിച്ച്, ദുരന്ത നിവാരണവും, പക്രൃതിസംരക്ഷണവും മുന്നിൽകണ്ടുകൊണ്ട് നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതികൾ:-

- ജല നിർഗമന തോടുകളുടെ നിർമ്മാണവും ആഴംകൂട്ടലും, മറ്റ് അറ്റകുറ്റപ്പണികളും.
- തടയണ നിർമ്മാണം
- കിണർ റീചാർജിങ്
- ജൈവവളനിർമ്മാണം
- നീന്തൽ കുളങ്ങൾ സ്ഥാപിച്ച് കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി.
- പൊതുസ്ഥലങ്ങൾ ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കൽ.
- മാനസീക ആരോഗ്യം വർധിപ്പിക്കുന്നതിന് ഉതകുന്നതരത്തിലുള്ള പദ്ധതികൾ.
- ജൈവവൈവിധ്യ പരിപോഷണ പദ്ധതി.
- അടിയന്തിര ഘട്ടങ്ങളിൽ പ്രാഥമീക ചികിത്സാ നൽകുന്നതിനുള്ള പരിശീലനം.
- എസ് സി - എസ് റ്റി കോളനികളിൽ സാംക്രമീകരോഗങ്ങൾ പടർന്ന് പിടിക്കാതിരിക്കാനുള്ള സൗകര്യങ്ങൾ തയ്യാറാക്കൽ.

## 5) സംയോജന സാദ്ധ്യതകൾ

കുടുംബശ്രീ, മഹാത്മായഗാന്ധി, ദേശീയതൊഴിലുറപ്പ് പദ്ധതി, ഹരിതകേരള മിഷൻ, ശുചിത്വമിഷൻ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി സംയോജിച്ച് വിവിധ പദ്ധതികൾ കണ്ടെത്തി നടപ്പിലാക്കുക.